**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങളുടെ നിർമ്മാണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഇല്ല. |
| (ബി) | ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടറിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 14.02.2021-ലെ G.O(P) No. 19/2021/ ആഭ്യന്തരം ഉത്തരവ് പ്രകാരം ആരാധനാലയങ്ങളുടെ നിർമ്മാണം/നിലവിലുള്ളവയുടെ കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്ക് ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിവേണം എന്ന വ്യവസ്ഥ മാറ്റിക്കൊണ്ട് ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി മാത്രം മതി എന്നാക്കി ഭേദഗതി വരുത്തി ഉത്തരവായിരുന്നു. അപ്രകാരം 28.06.2021 തീയതിയിലെ G.O (Ms.) No.120/2021/LSGD, G.O (Ms.) No.121/2021/LSGD ഉത്തരവ് പ്രകാരം യഥാക്രമം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019, കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസ് 2019 എന്നിവ ഭേദഗതി വരുത്തി ഉത്തരവായിരുന്നു. |
| (സി) | ഇക്കാര്യത്തിൽ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടോ; അറിയിക്കാമോ; | (സി) | WP(C)-11776/2021 നമ്പർ കേസിൽ 07/07/2021 തീയതിയിലെ ബഹു. കേരളാ ഹൈക്കോടതി വിധി പ്രകാരം 14/02/2021 തീയതിയിലെ പുതിയ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | നിലവിലുള്ള തടസ്സങ്ങൾ നീക്കി ആരാധനാലയങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | WP(C)-11776/2021 നമ്പർ കേസിൽ 07/07/2021 തീയതിയിലെ ബഹു. കേരളാ ഹൈക്കോടതി വിധി പ്രകാരം 14/02/2021 തീയതിയിലെ പുതിയ സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ